**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - 2018-19 സാമ്പത്തിക വർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തികൾക്ക് കൊടുക്കേണ്ട തുക 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചിലവഴിക്കുന്നതിന് ചീഫ് എൻജിനീയർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ)നം.2309/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.10.2019

---

പരാമർശം:- 1. 05.09.2019 ലെ സ.ഉ.(പി.)1929/2019/തസ്വഭവ നം. ഉത്തരവ്.

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.09.2019 ലെ ഇ 7-11805/2019/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിന്റെ പദ്ധതി നിർവഹണത്തിനായി, 14.06.2019 ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 2019-20 സാമ്പത്തിക വർഷത്തേക്കായി 219 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 06.06.2019 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ്, 2018-19 സാമ്പത്തിക വർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തികൾക്ക് കൊടുക്കേണ്ട തുക 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 250 ലക്ഷം രൂപയിൽ നിന്നും വഹിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നതിന്റെ വെളിച്ചത്തിൽ, 2018-19 സാമ്പത്തിക വർഷത്തെ ക്യൂ ബില്ലിൽ ഉൾപ്പെട്ട 31 ലക്ഷം രൂപ ചിലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് ചീഫ് എൻജിനീയർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 06.06.2019, 14.06.2019 തീയതികളിൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിന് 2019-20 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 250 ലക്ഷം രൂപയിൽ നിന്ന് 219 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി നിർവഹണത്തിനായും, 31 ലക്ഷം രൂപ 2018-19 സാമ്പത്തിക വർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട നിർമ്മാണ പ്രവൃത്തികൾക്കായും ചിലവഴിക്കുന്നതിന് തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

മേൽ ഭേദഗതിയോട് കൂടി പരാമർശം 1 ഉത്തരവ് നിലനിൽക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം.എസ്.**

അഡീഷണൽ സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്.
5. തദ്ദേശ സ്വയംഭരണ(എഫ്. എം.) വകുപ്പ്.
6. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
7. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.